"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ വൈൽഡ് ലൈഫ് ഓഫീസിൽ ടൈപ്പിസ്റ്റ് (സീനിയർ ഗ്രേഡ്) ആയ ശ്രീ. സുനീത് എ.യു. - ന്റെ ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.169/2025/F&WLD** **തീയതി,തിരുവനന്തപുരം, 25-04-2025**

---

പരാമർശം:- 1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21.10.2024 - ലെ KFDHQ/6152/2023/CWW/WL2 നമ്പർ കത്ത്.

2. സ.ഉ (അച്ചടി) നം.100/2024/ധന തീയതി, 22/11/2024.

**ഉത്തരവ്**

വനം വകുപ്പിൽ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ വൈൽഡ് ലൈഫ് ഓഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ആയ ശ്രീ.സുനീത്.എ.യു - ന്റെ ചികിത്സയ്ക്ക് തിരുവനന്തപുരം കോസ്മോ പൊളിറ്റൻ ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്ത് നല്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും ശിപാർശ സഹിതം പരാമർശം (1) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വനം വകുപ്പിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ വൈൽഡ് ലൈഫ് ഓഫീസിൽ ടൈപ്പിസ്റ്റ് (സീനിയർ ഗ്രേഡ്) ആയ ശ്രീ.സുനീത്.എ.യു. -ന്റെ ചികിത്സയ്ക്കായി 09/09/2023 മുതൽ 03/01/2024 വരെ തിരുവനന്തപുരം കോസ്മോ പൊളിറ്റൻ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ച തുകയായ 12,912/- രൂപയുടെ 80 ശതമാനമായ 10,330/- രൂപ (പതിനായിരത്തി മുന്നൂറ്റി മുപ്പത് രൂപ മാത്രം) ടി ചികിത്സാ കാലയളവ് മെഡിസെപ്പ് പദ്ധതി നിലവിൽ വന്നതിനുശേഷമുള്ളതായതിനാൽ പരാമർശം (2) ഉത്തരവിലെ ക്രമ നം. 3 പ്രകാരം പ്രതിപൂരണം ചെയ്ത് നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീത എസ് ലക്ഷ്മി**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം (അപേക്ഷയും അനുബന്ധരേഖകളും സഹിതം).
ശ്രീ.സുനീത്.എ.യു. [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖാന്തരം].
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.

ധനകാര്യ (ലോൺസ്) വകുപ്പ് (No.3071960/Loans-L1/81/2025-Fin തീയതി 10.04.2025 പ്രകാരം).
വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 25-04-2025 16:49:21

സെക്ഷൻ ഓഫീസർ